**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ഓൺലൈൻ പഠന സൗകര്യം ലഭ്യമാക്കുന്ന ഒരു പ്രാദേശിക പഠന കേന്ദ്രം ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യപഠനമുറികളിലൂടെയും ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>ഫെസിലിറ്റേറ്റർമാരുടെയും, മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്ര ഭാഷയിലും നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയതായി 114 സാമൂഹ്യപഠനമുറികളും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 114 സാമൂഹ്യപഠന മുറികളും സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ 208 വിജ്ഞാൻവാടികളിലൂടെ ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത എസ്.സി. എസ്.ടി. കോളനികളിൽ വിവിധ ഇന്റർനെറ്റ് സേവനദാതാക്കളുമായി സഹകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികവർഗ്ഗ കോളനികളിൽ ബി.എസ്.എൻ.എൽ മുഖേന കണക്ടിവിറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികജാതി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ